പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ചർച്ച
ചെയ്യപ്പെടേണ്ട ജനകീയ അജണ്ടകൾ
ഏന്തെല്ലാമാണെന്നും ജനകീയ സമരങ്ങളുടെ
ഭാഗമായി ഉയർന്നുവരുന്ന പ്രസ്ഥാനങ്ങൾ
എന്ത് രാഷ്ട്രീയമാണ് മുന്നോട്ട് വയ്ക്കേണ്ട
തെന്നും **ഡോ. എം.പി. പരമേശ്വരൻ**
സംസാരിക്കുന്നു

# കേരള രാഷ്ട്രീയത്തിന് ദീർഘവീക്ഷണമില്ല

**തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് വരുന്ന സാഹചര്യത്തിൽ തെരഞ്ഞെടുപ്പിന് മുഖ്യ ചർച്ചയാകേണ്ട അജണ്ടകൾ ഏതെല്ലാമാണെന്ന് ഒന്ന് വിലയിരുത്താമോ?**

മുഖ്യ അജണ്ടകളിലൊന്ന് കുടിവെള്ളമാണ്. കുടിവെള്ളം പഞ്ചായത്തിന് പുറത്ത് നിന്നും കൊണ്ടുവരേണ്ടുന്ന അവസ്ഥ ഇല്ലാതാക്കണം. പട്ടണങ്ങൾക്ക് ചിലപ്പോൾ വേണ്ടി വന്നേക്കാം. എന്നാൽ ഉള്ളിൽ നിന്നു തന്നെയുള്ള വെള്ളം ഉപയോഗിക്കാവുന്ന അവസ്ഥയാണ് കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കുമുള്ളത്. കുടിവെള്ളത്തിന് ആരും രാഷ്ട്രീയമായി തടസ്സം നിൽക്കാറില്ല, നിൽക്കാൻ പാടില്ല. drinkig water security എന്നത് ഒരു പ്രധാന അജണ്ടയായി വരണം. വേനൽക്കാലത്ത് ലോറിയിൽ വെള്ളം കൊണ്ടുവരുന്ന ഏർപ്പാട് ഇല്ലാതാക്കണം. വാട്ടർ സെക്യൂരിറ്റി ഉറപ്പാക്കാൻ കേവലം ഒരു വർഷം മതി. പക്ഷെ കുടിവെള്ളം വെറുതെ കിട്ടുന്ന ഒന്നാണെന്ന കാഴ്ചപ്പാട് ജനങ്ങൾ മാറ്റണം. അതിനൊരു ചെലവുണ്ട്. ആ ചെലവ് വഹിക്കുക തന്നെ വരണം. ജപ്പാൻ കുടിവെള്ള പദ്ധതി പോലെയുളവായും ഇതിലൂടെ ഇല്ലാതാക്കാൻ കഴിയും. കുടിവെള്ള പദ്ധതികളിൽ എൻ.ജി.ഒ കൾ ഉത്തരവാദിത്തമെടുക്കുന്നതിൽ കുഴപ്പമുണ്ടെന്നല്ല പറയുന്നത്. എന്നാൽ അത്തരം കാര്യങ്ങൾ പഞ്ചായത്തിന്റെ പരിധിയിൽ വരണം പഞ്ചായത്തിന്റെ അധികാരത്തിൽ നിന്നും ഉത്തരവാദിത്തത്തിൽനിന്നും കുടിവെള്ളം അടർത്തി മാറ്ററുത്.

**ശുചിത്വം**

കുടിവെള്ളത്തിനും ഭക്ഷണത്തിനും വേണ്ട വിഭവങ്ങൾ കേരളത്തിൽ ഇന്ന്, അത്രതന്നെ പ്രധാനമാണ് ശുചിത്വം. പക്ഷെ ശുചിത്വം ഒരു പ്രധാന പ്രശ്നമായി ത്തന്നെ നിലനിൽക്കുന്നു. കുടിവെള്ളം തിളപ്പിച്ചു മാത്രമേ ഉപയോഗിക്കൂ എന്നൊരു ശീലം വളർത്തിയെടുക്കണം. കുപ്പി വെള്ളത്തെ ആശ്രയിക്കുന്നത് അപകടമാണ്. പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ ഈച്ചകളും കൊതുകുകളും ഇല്ലാതാക്കുക എന്നൊരു സ്വപ്നം കാണാം. ഒരു പ്രദേശത്തെ ഒരു വാർഡിലെ മാലിന്യങ്ങൾ അവിടെ തന്നെ സംസ്കരിക്കാനുള്ള സംവിധാനമുണ്ടാക്കണം. ഉണ്ടാക്കാൻ കഴിയും. മാലിന്യങ്ങളെല്ലാം ഒരിടത്ത് കേന്ദ്രീകരിച്ച് സംസ്കരിക്കാൻ ശ്രമിക്കാതെ, അവിടവിടെ ചെറുയൂണിറ്റുകളിലായി സംസ്കരിക്കാൻ കഴിയും. അതിനുള്ള ഉത്തരവാദിത്തം വിഭജിച്ച് നൽകണം. കർഷകരെ സംബന്ധിച്ചിടത്തോളം ജൈവവസ്തുക്കൾ മാലിന്യമല്ല. വിഭവം ആണ് അസ്ഥാനത്തുള്ള വിഭവം.

ചുറ്റുവട്ടത്തുള്ള കർഷകർ നഗരമാലിന്യത്തെ അസംസ്കൃതവസ്തുവായി സ്വീകരിച്ച് അതിനെ വളമാക്കി മാറ്റുന്ന തരത്തിലുള്ള ഒരു പദ്ധതി നഗരസഭക്കു മുമ്പാകെ വച്ചിരുന്നു. പ്ലാസ്റ്റിക്, കുപ്പി, മെറ്റൽ, റബ്ബർ തുടങ്ങിയ ജൈവജീർണ്ണനത്തിനു വിധേയമാക്കാത്ത മാലിന്യങ്ങൾ പ്രഭവത്തിൽ തന്നെ എടുത്തുമാറ്റി ശുദ്ധമായ ജൈവമാലിന്യം കർഷകർക്ക് എത്തിച്ചാൽ മതി. സംസ്കരിക്കുന്നതിന് ശുചിത്വ മിഷൻ ഒരു ടൺ മാലിന്യത്തിന് ഒരു തുക നിശ്ചയിച്ചിട്ടുണ്ട്. ആ തുക ജൈവമാലിന്യം ഏറ്റെടുക്കുന്ന കർഷകർക്ക് നൽകിയാൽമതി. ജൈവവളം അവർക്ക് കൃഷിക്കായി ഉപയോഗിക്കാൻ കഴിയും. എന്നാൽ അവരുടെ കൈയിലെത്തുന്ന മാലിന്യങ്ങൾ കൃത്യമായി തരതിരിച്ചതാണെന്ന് കോർപ്പറേഷൻ ഉറപ്പുവരുത്തണം. തരംതിരിക്കാൻ വീടുകളിൽ തന്നെ നടത്തണം. മാലിന്യങ്ങൾ തരംതിരിക്കപ്പെട്ടിട്ടില്ലെങ്കിൽ 1000 രൂപവരെ പിഴ ഈടാക്കാനുള്ള നിയമം നടപ്പിലാക്കണം. ശുദ്ധമായ ജൈവമാലിന്യങ്ങളെല്ലാം സമ്പത്താണ്. ആ സമ്പത്ത് ഉപയോഗിക്കപ്പെടുന്നതിനുള്ള മുൻകൈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നുമുണ്ടാകണം.

### വിദ്യാഭ്യാസം

വിദ്യാഭ്യാസമാകണം മൂന്നാമത്തെ പ്രധാന അജണ്ട. സ്കൂളുകൾ ഒരദ്ധ്യയന വർഷത്തിൽ 180 ദിവസമെങ്കിലും പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്തുകൾ ഉറപ്പുവരുത്തണം. വേണ്ടത്ര അദ്ധ്യാപകരുണ്ടോ എന്ന കാര്യവും ശ്രദ്ധിക്കണം. അദ്ധ്യാപകർക്ക് കൃത്യമായി പരിശീലനം നൽകണം. വർഷത്തിൽ ഒരു മാസം പരിശീലനം എന്നത് നിർബന്ധമാക്കുക. വിദ്യാഭ്യാസത്തിന്റെ നിലവാരത്തിൽ പഞ്ചായത്തിന് വലിയമാറ്റം വരുത്താൻ കഴിയും. എല്ലാ വിദ്യാർത്ഥികൾക്കും നന്നായി ഇംഗ്ലീഷ് പഠിക്കാനുള്ള സൗകര്യം നൽകണം. ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും നന്നായി ഇംഗ്ലീഷ് സംസാരിക്കാൻ എല്ലാ കുട്ടികൾക്കും കഴിയണം. ഇംഗ്ലീഷ് വേഗത്തിൽ ടൈപ്പ് ചെയ്യാനുള്ള പരിശീലനവും നേടണം. കംപ്യൂട്ടർ വേഡ് പ്രോസസിംഗ് ഉറപ്പായും പഠിക്കണം. ഇന്റർനെറ്റിന്റെ ഉപയോഗം നന്നായി മനസ്സിലാക്കാനുള്ള സൗകര്യമൊരുക്കണം. ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഇന്റർനെറ്റിന്റെ സഹായത്തോടെ സ്വന്തമായി ഒരു ലൈബ്രറി വികസിപ്പിക്കാനുള്ള കഴിവ് കുട്ടികൾക്കുണ്ടാവണം. കരിക്കുലത്തിൽ മാറ്റം വരുത്തിയിട്ട് മാത്രം കാര്യമില്ല. അധ്യാപകരുടെ മനോഭാവത്തിലും മാറ്റമുണ്ടാകണം. വിവരത്തിൽ മാത്രമാണ് അധ്യാപകർക്ക് ഇപ്പോൾ പരിശീലനം ലഭിക്കുന്നത്. അതുതന്നെ അപര്യാപ്തമാണ് വിവേകത്തിലും വിരുതിലും കൂടി അവർക്ക് പരിശീലനം ലഭിക്കണം. ഇത്തരം പ്രവർത്തനങ്ങളെല്ലാം ശ്രദ്ധിച്ച് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രമിക്കണം.

### സർക്കാർ സ്ഥാപനങ്ങൾ


ജനങ്ങൾക്ക് നിരന്തരം വിവിധ സർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെടേണ്ടി വരുന്നുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാർ മിക്കവരും ജനങ്ങളെ ശത്രുക്കളായാണ് കാണുന്നത്. ജീവനക്കാരുടെ മനോഭാവത്തിൽ മാറ്റമുണ്ടാകണം. ഒരു പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന ഏത് സർക്കാർ സ്ഥാപനത്തിൽ പോയാലും ജനങ്ങൾക്ക് മാന്യമായ സേവനം ലഭിക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തണം. അങ്ങിനെ ചെയ്യുകയാണെങ്കിൽ അഴിമതി ഇല്ലാതാക്കാൻ കഴിയും. പഞ്ചായത്തിന് നിമയപരമായി അതിന് കഴിയുന്നില്ലെങ്കിൽ ജനങ്ങളെ ഒരുമിച്ച് നിർത്തി അഴിമതിക്കാരേയും മാന്യമായി പെരുമാറനറിയാത്ത ഉദ്യേഗസ്ഥൻമാരേയും സാമൂഹ്യമായി ബഹിഷ്ക്കരണം. അതിന് പഞ്ചായത്ത് ജനങ്ങളോടൊപ്പം നിൽക്കണം. ഒദ്യോഗികസമ്മർദ്ദം കൊണ്ടുമാത്രം ഒരാളെ നേരെയാക്കാൻ കഴിയില്ല. അതിന് സാമൂഹ്യ സമ്മർദ്ദം തന്നെ വേണം. അത് ശരിയായി നടക്കണമെങ്കിൽ ഗ്രാമസഭകൾ ശക്തിപ്പെടണം. ജനങ്ങളുടെ പങ്കാളിത്തം കൂട്ടണം. ആനുകൂല്യം വിതരണം ചെയ്യാനുള്ള ഒരു സ്ഥലം മാത്രമായി ഗ്രാമസഭകൾ ഇന്ന് അധഃപതിച്ചിരിക്കുകയാണ്.

### പൊതുജനാരോഗ്യം

പൊതുജനാരോഗ്യത്തെ ശക്തിപ്പെടുത്താനുള്ള മുൻകൈ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുമുണ്ടാകണം. അമേരിക്കയിലെ അതേ രോഗങ്ങൾ തന്നെയാണ് ജീവിതശൈലിമൂലം ഇന്ന് കേരളത്തിലുമുണ്ടാകുന്നത്. രോഗം വരുന്നവർ പ്രൈവറ്റ് ഹോസ്പിറ്റലുകളെയാണ് ഇന്ന് കൂടുതലായി ആശ്രയിക്കുന്നത്. പ്രൈവറ്റ് താങ്ങാൻ കഴിയാതെ വരുമ്പോൾ മാത്രമാണ് സർക്കാർ ആശുപത്രിയിലേക്ക് പോകുന്നത്. വരുമാനത്തിൽ ആരോഗ്യത്തിന് വേണ്ടി ചിലവാക്കേണ്ടിവരുന്ന തുകയും കൂടിക്കൊണ്ടിരിക്കുകയാണ്. ശരിയായ ആരോഗ്യ വിദ്യാഭ്യാസത്തിന്റെ കുറവുകൊണ്ടാണ് ഇതെല്ലാം സംഭവിക്കുന്നത്. അസുഖം വന്ന് ആശുപത്രിയിൽ പോയാൽ പ്രത്യേകിച്ച് ഒരു കുഴപ്പവുമില്ലെങ്കിലും ഒരു എം. ആർ. ഐ സ്കാൻ എടുത്തോളൂ എന്നാണ് ഡോക്ടർമാരുടെ പൊതു മനോഭാവം. ഏതെല്ലാം രോഗത്തിന് ഏതെല്ലാം ചികിത്സയാണ് വേണ്ടതെന്ന് ജനങ്ങൾ തിരച്ചറിയണം. ശരിയായ ആരോഗ്യത്തെക്കുറിച്ചുള്ള പാഠങ്ങൾ സ്കൂൾ കരിക്കുലത്തിലും ഉൾപ്പെടുത്തണം.

**ജനപക്ഷത്ത് നിന്നും കേരളത്തിലെ ഇടത്- വലത് പക്ഷങ്ങൾ പിൻവലിഞ്ഞു എന്നൊരു വാദമുണ്ട്. ഈ ജീർണ്ണതയുടെ ഫലമായി ജനകീയ സമരങ്ങളുടെ ഭാഗത്ത് നിന്നും ജനങ്ങളുടെ നേതൃത്വത്തിലുള്ള പുതിയൊരു രാഷ്ട്രീയം ഉയർന്നുവരുന്നുണ്ട്. അത് വേണ്ടത്ര വികസിച്ചിട്ടില്ലെങ്കിലും അവയെ എങ്ങനെയാണ് നോക്കിക്കാണുന്നത്?**

ജനകീയ സമരങ്ങളുടെ പശ്ചാത്തലത്തിൽ നിന്നും ഉയർന്നു വരുന്ന പ്രസ്ഥാനങ്ങൾ രാഷ്ട്രീയ പ്രസ്ഥാനങ്ങളായി മാറിയിട്ടില്ല. ജനകീയ രാഷ്ട്രീയത്തിന്റെ മുൻകൈയിൽ പാർട്ടിയുണ്ടായാലും ഇപ്പോഴത്തെ സ്ഥിതിയിൽ വലിയ മാറ്റമുണ്ടാകുന്നില്ല. നിലവിലുള്ള പാർട്ടികളെ സ്വാധീനിക്കുന്ന തരത്തിൽ ജനങ്ങളെ ശക്തിപ്പെടുത്തുകയാണ് അവർക്ക് ചെയ്യാവുന്ന മറ്റൊരു കാര്യം. അമേരി



**ജനകീയ പ്രസ്ഥാനങ്ങൾക്കെല്ലാം ഭാഗിക വീക്ഷണങ്ങളാണുള്ളത്. അതാണ് ആ പ്രസ്ഥാനങ്ങളുടെ പ്രധാന പരിമിതി. അജ്ഞതയേക്കാൾ അപകടകരമാണത്. ജനകീയ പ്രസ്ഥാനങ്ങളിൽ ഇടപെടുന്ന വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും കാഴ്ചപ്പാടിൽ സമഗ്രതയില്ലാത്തതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഇതുകാരണം സമരങ്ങളുടെ സ്വാധീനശക്തിയും കുറഞ്ഞുവരുന്നു. എങ്കിലും പരിസ്ഥിതിയേയും മനുഷ്യാവകാശത്തേയും സംബന്ധിച്ച ഒരുപാട് വിഷയങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ അവയ്ക്ക് കഴിയുന്നുണ്ട്. ലോക സോഷ്യൽ ഫോറം ഇത്തരം ആശയത്തിന്റെ പ്രതിഫലനമായിരുന്നു. അതിന് തുടർച്ച വേണ്ടിവരും. ശരിയായ ദിശ കണ്ടെത്തുക എന്നതാകണം ജനകീയ പ്രസ്ഥാനങ്ങളുടെ പ്രധാന ലക്ഷ്യം.**

ക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർത്ഥി ആരാകണമെന്ന് തീരുമാനിക്കുന്നത് പാർട്ടിയുടെ രജിസ്റ്റേഡ് വോട്ടർമാരാണ്. പാർട്ടി കോക്കസ് പല പേരുകൾ മുന്നോട്ട് വരുകയാണെങ്കിൽ പാർട്ടിയുടെ പിന്നിലുള്ള ജനങ്ങൾ വോട്ടിംഗ് നടത്തി സ്ഥാനാർത്ഥിയെ തീരുമാനിക്കും. റിപ്പബ്ലിക്കൻ പാർട്ടിക്കാരും ഇതേ രീതിയിലാണ് സ്ഥാനാർത്ഥി നിർണ്ണയം നടത്തുന്നത്. കേരളത്തിലും ഇതുപോലെ കുറച്ച് പഞ്ചായത്തുകളിൽ ഗ്രാമസഭകൂടി ആ വാർഡിലെ മെമ്പർ ആരാകണമെന്ന് തീരുമാനിക്കുന്ന സംവിധാനമുണ്ടാകണം. അല്ലെങ്കിൽ ഓരോ മുന്നണിയുടെയും വോട്ടർമാർ ആ മുന്നണിയുടെ സ്ഥാനാർത്ഥി ആ ഗ്രാമത്തിലുള്ള ആരാകണം എന്നു നിശ്ചയിക്കുന്ന സംവിധാനമുണ്ടാകണം. ഇത്തരത്തിൽ ജനങ്ങൾ സ്ഥാനാർത്ഥിയെ നിർണ്ണയിക്കുന്ന ഒരു പ്രക്രിയ കേരളത്തിൽ തുടങ്ങേണ്ടതുണ്ട്. ജനകീയ പ്രസ്ഥാനങ്ങൾ അതിന് വേണ്ടിയുള്ള ശ്രമങ്ങൾ നടത്തണം.

**ദേശീയ പാത വികസനത്തിന്റെ കാര്യമെടുത്താൽ കുടിയൊഴിപ്പിക്കപ്പെടുന്നവർ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമരത്തിൽ നിലനിന്നിട്ടും യു.ഡി.എഫും, എൽ.ഡി.എഫും ഒരുപോലെ ജനവിരുദ്ധമായ നിലപാടാണെടുത്തത്. 45 മീറ്റർ ബി.ഒ.ടി റോഡ് തന്നെ വേണമെന്ന് ആവശ്യത്തിൽ മുന്നണികൾ ഉറച്ചുനിന്നു. അവർ ജനപക്ഷത്തല്ല എന്നതിന്റെ പരസ്യമായ തെളിവായി ഈ സംഭവം മാറി. എന്നാൽ വികസനത്തിന്റെ കാര്യത്തിൽ ജനങ്ങളുടെ താത്പര്യങ്ങൾ കൂടി നോക്കേണ്ടതില്ലേ?**

ഭൂരിപക്ഷം ജനങ്ങളുടെയും താത്പര്യം 45 മീറ്റർ റോഡ് വേണമെന്ന് തന്നെയാണ്. വികസനത്തിന്റെ ഗതി എന്താണെന്നതിനെക്കുറിച്ച് നമുക്ക് വ്യക്തമായ ധാരണ വേണം. അമേരിക്കൻ മോഡൽ വികസനം വേണം എന്നാണെങ്കിൽ എടുക്കേണ്ട നിലപാടെന്താണ്? അമേരിക്കൻ മോഡൽ വികസനമാണ് വേണ്ടതെങ്കിൽ വലിയ റോഡ് തന്നെ വേണ്ടിവരും. ചെറിയ റോഡ് നിർമ്മിക്കുന്നതിന്റെ 50 മടങ്ങ് ചിലവ് അതിന് വേണ്ടിവരും. ഇടയ്ക്കിടയ്ക്ക് അറ്റകുറ്റപണികൾ നടത്തുന്ന ചെറിയ റോഡ് മതി നമുക്ക് എന്ന് തീരുമാനിക്കാൻ കഴിയും. പക്ഷെ തീരുമാനം മറിച്ചാണെങ്കിൽ വലിയ റോഡ് നിർമ്മിക്കേണ്ടിവരും. വലിയ റോഡ് നിർമ്മിക്കാൻ സർക്കാരിന് കൂടുതൽ കാശ് കണ്ടെത്തേണ്ടിവരും. അത് രണ്ട് തരത്തിൽ കണ്ടെത്താം. ചില ചിലവിനങ്ങൾ കുറച്ച്, ആ പണം റോഡിനു നൽകാം. അല്ലെങ്കിൽ നികുതി കൂട്ടാം. ഇത് രണ്ടും സാധ്യമായില്ലെങ്കിൽ ബി.ഒ.ടി. തന്നെ വേണമെന്നാവും. ബി.ഒ.ടിയിലെ own എന്നതാണ് കുഴപ്പം. സ്വകാര്യ കമ്പനി ചിലവാകുന്ന കാശ് തിരികെ കിട്ടുമെന്ന ഉറപ്പിനായി കൈവശാവകാശം നൽകേണ്ടിവരും. അപ്പോൾ ബി.ഒ.ടി. എതിർക്കണമെങ്കിൽ ഇത്തരത്തിലുള്ള റോഡ് വേണ്ട എന്ന തീരുമാനമാണ് ആദ്യമെടുക്കേണ്ടത്. എന്നാൽ ബഹുഭൂരിപക്ഷം ആളുകളുടേയും മനസ്സിലെ വികസന സങ്കല്പം അമേരിക്കയാണ്. നമ്മുടെ സർക്കാരിന്റെ ചിലവിൽ 55% ശമ്പളമാണ്. അത് കുറച്ച് മിച്ചംവരുന്ന തുക റോഡിന് വേണ്ടി ചിലവാക്കാൻ ജീവനക്കാർ സമ്മതിക്കില്ല. അത്തരം സാഹചര്യത്തിൽ ജനങ്ങളുടെ തീരുമാനത്തിലെ ശരികേടുകൾ അവരെ ബോദ്ധ്യപ്പെടുത്താൻ ജനകീയ പ്രസ്ഥാനങ്ങൾക്ക് കഴിയണം. കാരണം വിഭവങ്ങളുടെ അവസ്ഥ വച്ചു നോക്കുകയാണെങ്കിൽ ഇത്രയും വലിയ റോഡ് നമുക്ക് ചേരുന്നതല്ല.

**ജനകീയ സമരങ്ങളുടെ ഭാഗമായി ഉയർന്നുവരുന്ന പ്രസ്ഥാനങ്ങൾക്ക് ഏത് തരത്തിലാണ് പൊതുജനങ്ങളുടെ അഭിപ്രായത്തെ സ്വാധീനിക്കാൻ കഴിയുന്നത്?**

ജനകീയ പ്രസ്ഥാനങ്ങൾ ജനങ്ങൾ ശരിയായ തരത്തിലുള്ള രാഷ്ട്രീയ വിദ്യാഭ്യാസം നൽകാനാണ് ശ്രമിക്കേണ്ടത്. ജനകീയ രാഷ്ട്രീയവും ഭരണകൂടവും തമ്മിൽ സംവാദം നടക്കില്ല. ജനകീയ രാഷ്ട്രീയവും ജന

ങ്ങളും തമ്മിലാണ് സംവാദം നടക്കേണ്ടത്. അവർ ജനങ്ങളെയാണ് സംബോധന ചെയ്യേണ്ടത്. വിഭവങ്ങൾ പരിമിതമായതുകൊണ്ട് അമേരിക്കൻ മോഡൽ വികസനം നിലനിൽപ്പില്ലാത്തതാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിയണം. വാർഡ് സ്ഥാനാർത്ഥികളെയെങ്കിലും ജനങ്ങൾ തിരഞ്ഞെടുക്കുന്ന തരത്തിലുള്ള സംവിധാനമുണ്ടാക്കാനും ജനകീയ പ്രസ്ഥാനങ്ങൾ ശ്രമിക്കണം. വാർഡ് മെമ്പർമാർ ജനഹിതത്തിന് വിരുദ്ധമായ തരത്തിൽ പ്രവർത്തിക്കുകയാണെങ്കിൽ മെമ്പറെ തിരിച്ച് വിളിക്കാനുള്ള നിയമം ഉൾപ്പെടുത്തി പഞ്ചായത്തിരാജ് നിയമം ഭേദഗതി ചെയ്യാനും ശ്രമിക്കണം. മെമ്പർമാരെ നിയന്ത്രിക്കാൻ നിയമപരമായി കഴിയുന്നില്ലെങ്കിൽ ജനശക്തിയുടെ പിൻബലത്താൽ സാമൂഹികമായി അതിന് കഴിയണം.

ജനകീയ പ്രസ്ഥാനങ്ങൾക്കെല്ലാം ഭാഗിക വീക്ഷണങ്ങളാണുള്ളത്. അതാണ് ആ പ്രസ്ഥാനങ്ങളുടെ പ്രധാന പരിമിതി. അജ്ഞതയേക്കാൾ അപകടകരമാണത്. ജനകീയ പ്രസ്ഥാനങ്ങളിൽ ഇടപെടുന്ന വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും കാഴ്ചപ്പാടിൽ സമഗ്രതയില്ലാത്തതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഇതുകാരണം സമരങ്ങളുടെ സ്വാധീനശക്തിയും കുറഞ്ഞുവരുന്നു. എങ്കിലും പരിസ്ഥിതിയേയും മനുഷ്യാവകാശത്തേയും സംബന്ധിച്ച ഒരുപാട് വിഷയങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ അവയ്ക്ക് കഴിയുന്നുണ്ട്. ലോക സോഷ്യൽ ഫോറം ഇത്തരം ആശയത്തിന്റെ പ്രതിഫലനമായിരുന്നു. അതിന് തുടർച്ച വേണ്ടിവരും. ശരിയായ ദിശ കണ്ടെത്തുക എന്നതാകണം ജനകീയ പ്രസ്ഥാനങ്ങളുടെ പ്രധാന ലക്ഷ്യം.

**കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയം ദാർശനികമായ തളർച്ച നേരിടുന്നുണ്ടോ?**

ദീർഘകാല കാഴ്ചപ്പാട് ഇല്ലാതായി എന്നതാണ് കേരളരാഷ്ട്രീയം നേരിടുന്ന പ്രധാന പ്രതിസന്ധി. തൊണ്ണൂറുകളുടെ തുടക്കത്തിൽ ആഗോളതലത്തിൽ സോഷ്യലിസത്തിനുണ്ടായ തകർച്ച ഇന്ത്യയിലെ ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികളുടെ കാഴ്ചപ്പാടിനെ ശിഥിലമാക്കി. അവർ ഉയർത്തിപ്പിടിച്ചിരുന്നത് സോഷ്യലിസ്റ്റ് കാഴ്ചപ്പാടായിരുന്നു. ഇന്നവർക്കത് പൂർണ്ണമായും നഷ്ടമായിരിക്കുകയാണ്. ഇന്ന് ലാറ്റിനമേരിക്കയിലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഭരണകൂടങ്ങളും മാത്രമാണ് പുതിയ കാഴ്ചപ്പാടുണ്ടാക്കാൻ ശ്രമിക്കുന്നത്.

വേൾഡ് സോഷ്യൽ ഫോറത്തിന്റെ തുടർച്ച സാധ്യമായത് ലാറ്റിൻ അമേരിക്കയിൽ മാത്രമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടികളല്ല അവിടെ ഭരിക്കുന്നത്. എന്നാൽ വ്യത്യസ്ത അഭിപ്രായങ്ങളുള്ളവരാണെങ്കിലും മുതലാളിത്ത ചൂഷണത്തെ ചെറുക്കുന്നതിൽ അവർ ഒരുമിച്ച് നിൽക്കുന്നു. കേരളത്തിലും അത്തരത്തിൽ ജനങ്ങളുടെ പക്ഷത്ത് നിന്നുള്ള ദിശാബോധമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഉയർന്നുവരണം. നവസാമൂഹിക പ്രസ്ഥാനങ്ങൾക്ക് അത്തരത്തിലുള്ള കാഴ്ചപ്പാട് രൂപീകരിക്കാൻ കഴിയണം.

**ജനകീയാസൂത്രണത്തിന്റെ ഊർജ്ജം നഷ്ടപ്പെട്ടിട്ടുണ്ടോ? പരിഷത്തിന്റെ മുൻകൈയിൽ നടന്ന അധികാര വികേന്ദ്രീകരണ ക്യാമ്പയിനുകളുടെ ബുദ്ധികേന്ദ്രം എന്ന നിലയിൽ എന്താണ് തോന്നുന്നത്?**

ജനകീയാസൂത്രണവും സാക്ഷരതയുമെല്ലാം പരിഷത്തിന്റെ മുൻകൈയിൽ തുടങ്ങിയ പരിപാടികളായിരുന്നു. എന്നാൽ പരിഷത്തിന്റെ നിയന്ത്രണത്തിലായിരുന്നില്ല. തുടർന്ന് അത് മുന്നോട്ട് കൊണ്ടുപോകുന്നതിൽ പരിഷത്തിന് പരിമിതമായ പങ്കു വഹിക്കാനുണ്ടായിരുന്നുള്ളു. ഭരണം കയ്യാളുക എന്നത് അതിന്റെ ലക്ഷ്യമല്ലാത്തതിനാലും രാഷ്ട്രീയ പ്രസ്ഥാനമല്ലാത്തതിനാലും പരിഷത്തിന് പോകാവുന്നതിന് ഒരു പരിധിയുണ്ട്. എന്നാൽ അയൽക്കൂട്ടങ്ങളേയും കുടംബശ്രീകളേയുമൊക്കെ ശക്തിപ്പെടുത്തി ഗാന്ധിയൻ മാർഗ്ഗത്തിലുള്ള സമരങ്ങൾ പരിഷത്തിന് നടത്താൻ കഴിയും.

*അരുണിമ, കോട്ടപ്പുറം, തൃശൂർ-4*

---

## 'മനുഷ്യർ എന്തേ ഇത്ര ഹിംസാത്മകമാകുന്നു- എന്താണ് പരിഹാരം?


(മലയാള ദിനപത്രങ്ങൾ തമസ്കരിച്ച വാർത്ത)

ഇനി ലോകത്തിന് സ്നേഹമല്ല കരുണയാണ് ആവശ്യമായിരിക്കുന്നത്. സ്വാർത്ഥത കലരാത്ത ഉപാധികളില്ലാത്ത സ്നേഹം ജീവിതത്തിൽ അസാദ്ധ്യമാണ്. സ്നേഹം മനുഷ്യകേന്ദ്രീകൃതം മാത്രമാണ്. 2000 വർഷമായി സ്നേഹം വളർത്താൻ ശ്രമിച്ചതിന്റെ കാൽഭാഗം കരുണ പ്രചരിപ്പിച്ചിരുന്നുവെങ്കിൽ ലോകം ഇതിലും എത്രയോ സുന്ദരമാകുമായിരുന്നു. ക്രൈസ്റ്റിനു ശേഷം മാർക്സും ഈ പാഴ്‌വേലയാണ് മനുഷ്യരാശിയോട് പറഞ്ഞത്. മതത്തോടും പാർട്ടിയോടും സ്നേഹം കൂടുമ്പോഴാണ് കൈവെട്ടും തലവെട്ടും ദേശസ്നേഹത്തിന് യുദ്ധവും നടത്തുന്നത്. കരുണയായിരുന്നു പഠിച്ചതെങ്കിൽ പ്രതികരണം വ്യത്യസ്തമാകുമായിരുന്നു.

ഭൂമുഖത്ത് ജനിച്ച മനുഷ്യരുടെ പകുതിയെ മനുഷ്യർ തന്നെയാണ് നശിപ്പിച്ചത്. ശാസ്ത്രവും മതവും രാഷ്ട്രീയവും ഇതിന് കൂട്ടുനിന്നു. പ്രകൃതിദുരന്തം നശിപ്പിച്ചതിലധികം മനുഷ്യരെ മനുഷ്യർ കൊന്നൊടുക്കി. കരുണയിൽ സ്നേഹവും ദയയും അഹിംസയും അടങ്ങിയിരിക്കുന്നതാണ് കരുണയുടെ മഹത്വം. ഇത് മനുഷ്യവ്യവഹാരങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല. സർവ്വഭൂതദയയും പ്രപഞ്ചത്തോളം വിശാലവുമാണ് കരുണ. ഇത് ഓരോ നിമിഷത്തിലും ആർക്കും അനുഭവിക്കാവുന്നതുമാണ്.ശ്രീബുദ്ധനും ഗാന്ധിജിയും നാരായണഗുരുവും സ്നേഹത്തെ പരിഗണിക്കാതിരുന്നത് ഇതിനാലാണ്. കരുണയും ധ്യാനവും, അഹിംസയും സത്യവും, സാഹോദര്യവും ജീവകാരുണ്യവുമായിരുന്നു ഇവരുടെ സന്ദേശങ്ങൾ എന്നത് നമ്മുടെ ഉൾക്കണ്ണ് തുറക്കാൻ സഹായിക്കും. പ്രതികരണങ്ങളല്ലാതെ ചിന്താർഹമായ അഭിപ്രായങ്ങൾ അറിയിക്കുക -ഡേവിസ് വളർക്കാവ്, ഫോൺ: 9895148998

(തൃശൂരിൽവെച്ച് വെജ്ജ് മാസിക നടത്തിയ ചിന്തനസദസ്സിൽ നിന്ന്)

## പുസ്തകം കൈപ്പറ്റി



സസ്യാഹാരത്തിന്റെയും
ജീവസ്നേഹത്തിന്റെയും മാനിഫെസ്റ്റോ
**ജീവകാരുണ്യ പഞ്ചകം**
**ഒരാസ്വാദനം**
**ഡേവിസ് വളർക്കാവ്**
ആദിത്യബുക്ക്സ്, തൃശൂർ. വില: 20 രൂപ